PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

First Session—1959
(Second Meeting)

Tuesday, the 19th May 1959.

Vol. VII] OFFICIAL REPORT]No. 54

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum at Eleven of the Clock on Tuesday, the 19th May, 1959 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS

ചെറുകിട വ്യവസായവായ്പ.

* 1381. [1] ശ്രീ. പി. എസ്സ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ വായ്പയ്ക്ക് 1959-60 സാമ്പത്തിക വർഷത്തിൽ എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(ബി) ആ തുകയിൽ ഇതുവരെ എത്ര തുക ചെലവായി?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) ചെറുകിട വ്യവസായങ്ങൾക്കു നീക്കിവച്ചിട്ടുള്ള തുകകൾ—
(1) ഇൻഡസ്ട്രിയൽ കോവാപ്പറേറീവ് സൊസൈറ്റികൾക്ക് 5 ലക്ഷം രൂപ; (2) ചെറുകിട വ്യവസായികൾക്ക് 5 ലക്ഷം രൂപ; (3) കൺട്രോൾ ക്രെഡിറ്റ് സ്കീം പ്രകാരം 2 ലക്ഷം രൂപ; ആകെ മൊത്തം 12 ലക്ഷം രൂപ.

(ബി) 11-5-59 വരെയ്ക്കും 3,000 രൂപാ ഇൻഡസ്ട്രിയൽ കോവാപ്പറേറീവ് സൊസൈറ്റികൾക്കും, 14,500 രൂപ ചെറുകിട വ്യവസായികൾക്കും സാംഗ്ഷൻ ചെയ്യുകയും അവ കൊടുക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. എസ്സ്. കാത്തികേയൻ: വായ്പ വാങ്ങുന്ന തുകകൾ അപേക്ഷയിൽ പറയുന്ന വ്യവസായങ്ങൾക്കു തന്നെയാണോ ഉപയോഗിക്കുന്നതെന്നു പരിശോധിക്കാൻ വല്ല ഏർപ്പാടുകളും ഉണ്ടോ?

Mr. Speaker : That has been already answered.

പിന്നോക്കവിഭാഗത്തിൽ ആളുകളെ ഉൾപ്പെടുത്തുന്ന മാനദണ്ഡം.

* 1382. [2] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്കവിഭാഗത്തിൽ, ആളുകളെ ഉൾപ്പെടുത്തേണ്ടതിന്റെ മാനദണ്ഡം, സാമ്പത്തികമോ അഥവാ സാമുദായികമോ ആയിരിക്കേണ്ടതെന്നുള്ളതിനെപ്പറ്റി, കേരളഗവണ്മെന്റിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട്, കേന്ദ്രത്തിൽനിന്നും ഏതെങ്കിലും കത്ത് ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഈ വിഷയത്തിൽ ഗവണ്മെന്റ് എന്തു നിലപാടു സ്വീകരിച്ചു, എന്തു മറുപടി കൊടുത്തു ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ-ബി) ഉത്തരം തയാറായിട്ടില്ല. പിന്നൊരു ദിവസം പറയാം.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇതിൽ കത്തു ലഭിച്ചിട്ടുണ്ടോ എന്നാണു ചോദിക്കുന്നത് ; അതു പറയുന്നതിനു് എന്താണിത്രമാസം വരുന്നത് ?

ശ്രീ. സി. അച്യുതമേനോൻ : ഇപ്പോൾ അതിന്റെ ഫയൽ കണ്ടില്ല. അല്ലാതെ മറ്റു കാരണമൊന്നുമില്ല.

തൊഴിൽത്തർക്കങ്ങൾ.

* 1383. [4] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959 മാർച്ചു് മാസത്തിനുശേഷം എത്ര തൊഴിൽത്തർക്കങ്ങൾ ഒത്തുതീർപ്പിൽ എത്തിക്കുകയുണ്ടായി ;

(ബി) ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ മൊത്തം എത്ര പരിശോധനകൾ നടത്തിയിട്ടുണ്ട് ;

(സി) എത്ര ട്രെയിഡു് യൂണിയനുകൾ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടുവെന്നും വർക്കുമെൻ കാംപൻസേഷൻ കമ്മീഷണരാൽ എത്ര കേസ്സുകൾ തീരുമാനിക്കപ്പെടുകയുണ്ടായെന്നും പറയാൻ കഴിയുമോ ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസു്) :

(എ) 601.

(ബി) 3,847.

(സി) 22 ട്രെയിഡുയൂണിയനുകൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ടു്. വർക്കുമെൻസു് കാമ്പൻസേഷൻ കമ്മീഷണർ 15 കേസ്സുകൾ തീരുമാനിക്കുകയുണ്ടായി.

ശ്രീ. കെ. ഹസ്സൻ ശനി : എത്ര തൊഴിൽത്തർക്കങ്ങൾ ബാക്കി തീരുമാനിക്കാനുണ്ടെന്നു പറയാമോ ?

ശ്രീ. ടി. വി. തോമസു് : ബാക്കി എത്രയുണ്ടെന്നുള്ള കണക്കു് ഇപ്പോൾ എന്റെ കൈവശം ഇല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ കേസ്സുകൾ തീർക്കുന്നതിനു് ഏതെങ്കിലും കാലപരിധി വച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly